പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3380. 19.06.2019 ൽ മറുപടിയ്ക്ക്.

**അന്തർ സംസ്ഥാന ബസുകളിലെ പരിശോധന**

| **ചോദ്യം**<br>**ശ്രീ എം. വിൻസെന്റ്** | | **ഉത്തരം**<br>**ശ്രീ എ .കെ ശശീന്ദ്രൻ**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
|---|---|---|---|
| (എ) | ദീർഘദൂര സർവീസ് നടത്തുന്ന സ്വകാര്യ അന്തർസംസ്ഥാന ബസ്സുകൾക്കെതിരെ മോട്ടോർ വാഹന ഉദ്യോഗസ്ഥരുടെ പരിശോധന ഇപ്പോൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ടോ; | (എ) | അന്തർ സംസ്ഥാന സർവീസ് നടത്തുന്ന സ്വകാര്യ ബസ്സുകളുടെ നിയമലംഘനങ്ങൾ തടയുന്നതിന് മോട്ടോർ വാഹന വകുപ്പ് 'ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്' എന്ന പേരിൽ രാത്രികാല പരിശോധന ഊർജ്ജിതമായി നടത്തി വരുന്നു. |
| (ബി) | പ്രസ്തുത പരിശോധനയിൽ എന്തൊക്കെ ക്രമക്കേടുകളാണ് ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളത്; 2019 ഏപ്രിൽ 15-ന് ശേഷം പിഴ ഇനത്തിൽ എന്ത് തുക ഈടാക്കി; | (ബി) | ഇത്തരം കോൺട്രാക്ട് കാര്യേജ് ബസുകൾ നിയമാനുസൃതമല്ലാതെ സ്റ്റേജ് കാര്യേജ് സർവീസ് നടത്തുന്നതായിട്ടും അനുവദനീയമായതിലധികം സാധനങ്ങൾ കയറ്റുന്നതായും കണ്ടെത്തി. 2019 ഏപ്രിൽ 24 മുതൽ 2019 ജൂൺ 12 വരെ 3,43,04,700/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുണ്ട്. |
| (സി) | കല്ലട ബസിലെ യാത്രക്കാരെ മർദ്ദിച്ച സംഭവം ഉണ്ടാകുന്നതിന് മുമ്പ് ഇത്തരം ബസ് സർവ്വീസുകളുടെ നിയമ വിരുദ്ധ മായ കാര്യങ്ങളെക്കുറിച്ച് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ? | (സി) | ഉണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ 2019 ജനുവരി 1 മുതൽ ഏപ്രിൽ 15 വരെ ഇത്തരം നിയമ ലംഘനങ്ങളുടെ പേരിൽ ഇവരിൽ നിന്നും പിഴയായി ഈടാക്കിയത് എന്ത് തുകയാണെന്ന് അറിയിക്കുമോ? | (ഡി) | ഇത്തരം നിയമലംഘനങ്ങൾക്ക് 2019 ജനുവരി 1 മുതൽ ഏപ്രിൽ 15 വരെ 14,04,900/- രൂപ പിഴ ഇനത്തിൽ ഈടാക്കിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**